## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1477** **10-10-2024 - ൽ മറുപടിയ്ക്ക്**

## കരിമ്പുകയം ചെക്ക്ഡാമിന് സമീപമുള്ള പുറമ്പോക്ക് സ്ഥലം അളന്ന് തിട്ടപ്പെടുത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി താലൂക്കിൽ ചെറുവള്ളി വില്ലേജിൽപ്പെട്ടതും കരിമ്പുകയം ചെക്ക് ഡാമിന് സമീപമുള്ള ഏകദേശം ഒന്നര കിലോമീറ്റർ നീളത്തിലുള്ള എട്ടര ഏക്കർ സർക്കാർ പുറമ്പോക്ക് സ്ഥലം 30-03-2017-ൽ റവന്യൂ രേഖകളിൽ മാറ്റം വരുത്തി പാലാക്കുന്നേൽ എസ്റ്റേറ്റിന്റെ പേരിൽ തണ്ടപ്പേർ പിടിച്ചതുമായി ബന്ധപ്പെട്ട് മേൽക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത അപ്പീലിന്റെ പുരോഗതി അറിയിക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിലെ 97/92, 98/92, 100/92, 101//92, 102/92,103/92,104/92, 106/92, 107/92, 108/92, 109/92 നമ്പർ അന്യായങ്ങളിലെ ഉത്തരവുകൾ പ്രകാരമാണ് കാഞ്ഞിരപ്പള്ളി താലൂക്കിൽ ചെറുവള്ളി വില്ലേജിൽ ബ്ലോക്ക് 18 ൽ റീസർവ്വേ 502, 503 എന്നീ നമ്പരുകളിൽപ്പെട്ട തോട് പുറമ്പോക്ക് ഭൂമികളിൽ ഉടമസ്ഥാവകാശം അവകാശപ്പെട്ട് സമർപ്പിച്ച അന്യായങ്ങളിൽ തണ്ടപ്പേർ പിടിച്ചിട്ടുള്ളത്. ചെറുവള്ളി ആറ്റുപുറമ്പോക്കിന്റെ പരിശോധന ഡെപ്യൂട്ടി ഡയറക്ടർ ഓഫ് സർവ്വേ മുഖാന്തിരം നടത്തിയതിനാൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് സർവ്വേയാണ് കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിലെ OS 101/92, 100/92, 108/92, 109/92 കേസിന്മേൽ റവന്യൂവിനുവേണ്ടി അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.<br><br>ഇനി ഈ കേസിന്മേൽ ബഹു ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് ജില്ലാ ലോ ഓഫീസർ ഇത് സംബന്ധിച്ച അസിസ്റ്റന്റ് ഡയറക്ടർ ഓഫ് സർവ്വേയിൽ നിന്നുള്ള ഫയൽ ലഭ്യമാക്കി പരിശോധിച്ചുകൊണ്ടിരിക്കുന്നു. അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സർക്കാർ ഭൂമിയുടെ സംരക്ഷണത്തിനുള്ള നിയമത്തിന് വിരുദ്ധമായ ഈ നടപടികൾ സംബന്ധിച്ച് റവന്യൂ, ഇന്റലിജൻസ് സഹിതമുള്ള ഏജൻസികളുടെ സമഗ്രമായ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | വിവിധ കേസുകളിലായി റവന്യൂ വിജിലൻസ് സഹിതമുള്ള ഏജൻസികൾ മുഖാന്തിരം സർക്കാർ ഭൂമിയുടെ സംരക്ഷണത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസിൽദാറുടെ 30-03-2017-ലെ ഡി3/6115/10 നമ്പർ നടപടി ഉത്തരവ് | (സി) | കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിലെ 97/2, 98/92, 100/92, 101/92, 102/92, 103/92, 104/92, |

| | | | |
|---|---|---|---|
| | അടിയന്തരമായി റദ്ദ് ചെയ്ത് സർക്കാർ ഭൂമി തിരികെപ്പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | 106/92, 107/92, 108/92, 109/92 നമ്പർ അന്യായങ്ങളിലെ ഉത്തരവുകൾ പ്രകാരമാണ് കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസിൽദാരുടെ 30.03.2017 ലെ D3/6115/10 നമ്പർ നടപടി ഉത്തരവ് തയ്യാറാക്കിയിട്ടുള്ളത്. മേൽ കേസിന്മേൽ അപ്പീൽ വിധി അനുകൂലമായി ഉണ്ടായാൽ അഡീഷണൽ തഹസിൽദാരുടെ ഉത്തരവ് അടിയന്തിരമായി റദ്ദാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ